www.snbssamajam.in Phone : 2820666


# S.N.B.S. SAMAJAM

Irinjalakuda

Reg.No.5/1103

## ശ്രീനാരായണ ഭക്ത സമുദായോദ്ധാരണി സമാജം

ഇരിങ്ങാലക്കുട



..................2025................

# 97-ാം വാർഷിക പൊതുയോഗം നോട്ടീസ്

# എസ്.എൻ.ബി.എസ്. സമാജം (രജി.) ഇരിങ്ങാലക്കുട
## (ശ്രീനാരായണ ഭക്ത സമുദായോദ്ധാരണി സമാജം)
# 97 –ാം വാർഷിക പൊതുയോഗം നോട്ടീസ്

മാന്യ ശ്രീനാരായണീയരെ,

എസ്.എൻ.ബി.എസ്. സമാജത്തിന്റെ 97–ാം വാർഷിക പൊതുയോഗം **2025 ജൂൺ 29–ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മണിക്ക് ശ്രീനാരായണ ഹാളിൽ വെച്ച്** പ്രസിഡണ്ട് **ശ്രീ. കിഷോർകുമാർ നടുവളപ്പിൽ** അവർകളുടെ അദ്ധ്യക്ഷതയിൽ അന്യത്ര ചേർത്തിരിക്കുന്ന കാര്യപരിപാടികളനുസരിച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുകയാണ്. യോഗത്തിൽ താങ്കളുടെ മഹനീയ സാന്നിദ്ധ്യം സാദരം ക്ഷണിച്ചുകൊള്ളുന്നു.

എന്ന്,

ഇരിങ്ങാലക്കുട — (ഒപ്പ്)

11-06-2025 — **വിശ്വംഭരൻ മുക്കുളം**

(സെക്രട്ടറി)

**<u>ഭരണസമിതി അംഗങ്ങൾ</u>**

| | | |
|---|---|---|
| 1. | **ശ്രീ. കിഷോർകുമാർ നടുവളപ്പിൽ** | പ്രസിഡണ്ട് |
| 2. | **ശ്രീ. ഷിജിൻ തവരങ്ങാട്ടിൽ** | വൈസ് പ്രസിഡണ്ട് |
| 3. | **ശ്രീ. വിശ്വംഭരൻ മുക്കുളം** | സെക്രട്ടറി |
| 4. | **ശ്രീ. ദിനേഷ്കുമാർ എളന്തോളി** | ജോ.സെക്രട്ടറി |
| 5. | **ശ്രീ. വേണു തോട്ടുങ്ങൽ** | ട്രഷറർ |
| 6. | **ശ്രീ. രാമാനന്ദൻ ചെറാക്കുളം** | കമ്മിറ്റി മെമ്പർ |
| 7. | **ശ്രീ. സോമസുന്ദരൻ കൊളത്തുപറമ്പിൽ** | കമ്മിറ്റി മെമ്പർ |
| 8. | **ശ്രീ. ഗോപി മണമാടത്തിൽ** | കമ്മിറ്റി മെമ്പർ |
| 9. | **ശ്രീ. ചന്ദ്രൻ.കെ.കെ.** | കമ്മിറ്റി മെമ്പർ |
| 10. | **ശ്രീ. സുനിൽകുമാർ പീടികപ്പറമ്പിൽ** | കമ്മിറ്റി മെമ്പർ |
| 11. | **ശ്രീ. സുനിൽ ചെറാക്കുളം** | കമ്മിറ്റി മെമ്പർ |
| 12. | **ശ്രീ. സുരേഷ്ബാബു കൂവ്വക്കാട്ടിൽ** | കമ്മിറ്റി മെമ്പർ |
| 13. | **ശ്രീ. ബോസ് തണ്ടാശ്ശേരി** | കമ്മിറ്റി മെമ്പർ |
| 14. | **ശ്രീ. സുരേന്ദ്രൻ ചാണാടിക്കൽ** | കമ്മിറ്റി മെമ്പർ |
| 15. | **ശ്രീ. മോഹനൻ മടത്തിക്കര** | കമ്മിറ്റി മെമ്പർ |

**<u>ഇന്റേണൽ ഓഡിറ്റേഴ്സ്</u>**

**ശ്രീ. പ്രവികുമാർ ചെറാക്കുളം & ശ്രീ. പ്രകാശൻ കുരുംബംകണ്ടത്ത്**

**<u>ലീഗൽ അഡ്വൈസർ</u>**

**അഡ്വ. എ.എം. പ്രകാശൻ**

**<u>ഓഡിറ്റർ</u>**

**ഉണ്ണികൃഷ്ണൻ & കമ്പനി, ചാർട്ടേഡ് എക്കൗണ്ടന്റ്, ഇരിങ്ങാലക്കുട**

# 2025 ജൂൺ മാസം 29-ാം തിയ്യതിയിലെ
# വാർഷിക പൊതുയോഗത്തിന്റെ
# കാര്യപരിപാടി

1. പ്രാർത്ഥന
2. സ്വാഗതം
3. അനുശോചന പ്രമേയം
4. 2024 ജൂലായ് 07-ാം തിയ്യതി ചേർന്ന വാർഷിക പൊതുയോഗത്തിന്റെ മിനിറ്റ്സ് വായിച്ച് റിക്കാർഡാക്കുക
5. അദ്ധ്യക്ഷ പ്രസംഗം
6. 2024-25 വർഷത്തെ പ്രവർത്തന റിപ്പോർട്ട് വായിച്ച് അംഗീകരിക്കുക
7. 2024-25 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടും കണക്കുകളും വായിച്ച് അംഗീകരിക്കുക.
8. 2024-25 വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ് അംഗീകരിക്കുക.
9. 2025-26 വർഷത്തെ ബഡ്ജറ്റുകൾ വായിച്ച് പാസ്സാക്കുക.
10. പ്രമേയങ്ങളും ചോദ്യങ്ങളും
11. 2025-2026 വർഷത്തേക്കുള്ള ഓഡിറ്റർമാരെ തിരഞ്ഞെടുക്കുക.
12. സമാജം തെരഞ്ഞെടുപ്പ് ചട്ടങ്ങൾ അംഗീകരിക്കൽ
13. കമ്മിറ്റി ഹാജരാക്കുന്ന മറ്റുകാര്യങ്ങൾ
14. ഉപസംഹാരം
15. കൃതജ്ഞത

NB :
1. ഫോട്ടോ പതിച്ച സമാജം ഐഡന്റിറ്റി കാർഡ് കൊടുത്തുവരുന്നുണ്ട് മെമ്പർമാർ 2 പാസ്പോർട്ട് സൈസ് ഫോട്ടോയുമായി ഓഫീസിൽ വന്ന് ഐഡന്റിറ്റി കാർഡ് കൈപ്പറ്റേണ്ടതാണ്.
2. പൊതുയോഗത്തിന് സമർപ്പിക്കാനുള്ള ചോദ്യങ്ങളും പ്രമേയങ്ങളും 21-06-2025 ശനിയാഴ്ച ഉച്ചതിരിഞ്ഞ് 4 മണിക്ക് മുമ്പായി സമാജം ഓഫീസിൽ കിട്ടിയിരിക്കേണ്ടതാകുന്നു.
3. എസ്.എസ്.എൽ.സി., പ്ലസ്ടു, ഡിഗ്രി തലങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള സ്കോളർഷിപ്പിനുള്ള അപേക്ഷകൾ സമാജത്തിൽ നൽകാവുന്നതാണ്.
4. തറയിൽ രാമൻ കൃഷ്ണൻകുട്ടി മെമ്മോറിയൽ എൻഡോവ്മെന്റിനു വേണ്ടി സമാജം അംഗങ്ങളുടെ മക്കൾക്ക് അപേക്ഷകൾ നൽകാവുന്നതാണ്.

# എസ്.എൻ.ബി.എസ്. സമാജം, ഇരിങ്ങാലക്കുട (രജി.)

# 2024-25 വർഷത്തെ
# പ്രവർത്തന റിപ്പോർട്ട്

മാന്യ മെമ്പർമാരെ,

സമാജത്തിന്റെ 2024-25 കാലഘട്ടത്തിലെ പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്തറിപ്പോർട്ട് പൊതുയോഗത്തിന്റെ ചർച്ചയ്ക്കും അംഗീകാരത്തിനുമായി ആദരപൂർവ്വം സമർപ്പിക്കട്ടെ.

സമാജത്തിന്റെ 96-ാമത് വാർഷികപൊതുയോഗം 2024 ജൂലായ് 07-ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മണിക്ക് സമാജം പ്രസിഡണ്ട് ശ്രീ കിഷോർകുമാർ നടുവളപ്പിൽ അവർകളുടെ മഹനീയ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. സമാജം മേൽശാന്തി മണി ശാന്തിയുടെ ഗുരുദേവ പ്രാർത്ഥനയോടെ യോഗനടപടികൾ ആരംഭിച്ചു. റിപ്പോർട്ട് കാലയളവിൽ അന്തരിച്ച മാന്യ മെമ്പർമാരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. തുടർന്ന് സമാജം സെക്രട്ടറി ശ്രീ.വേണു തോട്ടുങ്ങൽ യോഗത്തിൽ ഹാജരായ മുഴുവൻ അംഗങ്ങൾക്കും സ്വാഗതം ആശംസിച്ചു. സെക്രട്ടറി മുൻ വർഷത്തെ മിനിറ്റ്സ് വായിച്ച് റിക്കാർഡാക്കി. തുടർന്ന് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷ പ്രസംഗത്തിനുശേഷം സെക്രട്ടറി കഴിഞ്ഞ വർഷത്തെ പ്രവർത്തനറിപ്പോർട്ടും കണക്കുകളും പൊതുയോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു.

എല്ലാ അംഗങ്ങളുടെയും കൂട്ടായ്മയുടേയും സഹകരണത്തോടും കൂടിയാണ് വാർഷികപൊതുയോഗം നടന്നത്. പൊതുയോഗത്തിൽ 2024-2025 വർഷത്തെ ഇന്റേണൽ ഓഡിറ്റർമാരായി ശ്രീ.പ്രവികുമാർ ചെറാക്കുളം, ശ്രീ.പ്രകാശൻ കുരുംബംകണ്ടത്ത് എന്നിവരെയും M/s.ഉണ്ണികൃഷ്ണൻ & കമ്പനി ചാർട്ടേഡ് അക്കൗണ്ടൻസ് ഇരിങ്ങാലക്കുട ഓഡിറ്ററായും ഐക്യകണ്ഠേന തെരഞ്ഞെടുത്തു.

**തെരഞ്ഞെടുപ്പ്**

ഇരിങ്ങാലക്കുട ശ്രീനാരായണ ഭക്ത സമുദായോദ്ധാരണി സമാജത്തിന്റെ 2024-2025, 2025-2026 വർഷങ്ങളിലെ ഭരണ കമ്മിറ്റിയിലേക്കുള്ള തിരഞ്ഞെടുപ്പ് സമാജം നിയമാവലി 9-ാം വകുപ്പ് പ്രകാരമുള്ള ചട്ടങ്ങൾ അനുസരിച്ച് അഡ്വ.എ.എം.പ്രകാശൻ ഇരിങ്ങാലക്കുട എന്നിവരെ റിട്ടേണിംഗ് ഓഫീസറായി സമാജം നിയമിച്ചു. 2024 ജൂലായ് 7-ാം തിയ്യതി ഞായറാഴ്ച രാവിലെ 7 മുതൽ ഉച്ചയ്ക്ക് 1 മണി വരെ സമാജം മിനി ഹാളിൽ വെച്ച് രഹസ്യബാലറ്റ് അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടത്തി. അന്നു തന്നെ വോട്ടെണ്ണി ഫലപ്രഖ്യാപനം നടത്തുന്നതാണെന്ന് റിട്ടേണിംഗ് ഓഫീസർ പ്രഖ്യാപിക്കുകയും ചെയ്തു. അതനുസരിച്ച് സ്ഥാനാർത്ഥികൾ നോമിനേഷൻ സമർപ്പിച്ചു. പിൻവലിക്കേണ്ട തിയ്യതിക്കുശേഷം മത്സരം അനിവാര്യമായി. 2024 ജൂലായ് 07-ാം തിയ്യതി ഞായറാഴ്ച രാവിലെ 7 മുതൽ ഉച്ചയ്ക്ക് 1 മണി വരെ സമാജം മിനിഹാളിൽ രഹസ്യബാലറ്റ് അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടന്നു.

പുല്ലൂർ പ്രാദേശിക വിഭാഗത്തിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ദിനേഷ്കുമാർ എളന്തോളി, പ്രദീപ് എളന്തോളി എന്നിവർ തമ്മിലായിരുന്നു. മത്സരം. ദിനേഷ്കുമാർ എളന്തോളിക്ക് 744 വോട്ടും, പ്രദീപ് എളന്തോളിക്ക് 313 വോട്ടും ലഭിച്ചു. കൂടുതൽ വോട്ട് ലഭിച്ച ദിനേഷ് കുമാർ എളന്തോളി വിജയിച്ചതായി റിട്ടേണിംഗ് ഓഫീസർ പ്രഖ്യാപിച്ചു.

ടൗൺ പ്രാദേശിക വിഭാഗത്തിലേക്ക് വേണു തോട്ടുങ്ങൽ, ബിനോയ് ചന്ദ്രൻ മണക്കുന്നത്ത് എന്നിവർ തമ്മിലായിരുന്നു മത്സരം. വേണു തോട്ടുങ്ങലിന് 724 വോട്ടും, ബിനോയ് ചന്ദ്രൻ മണക്കുന്നത്തിന് 282 വോട്ടും ലഭിച്ചു. കൂടുതൽ വോട്ട് ലഭിച്ച വേണു തോട്ടുങ്ങൽ തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിച്ചു.

കോമ്പാറ പ്രാദേശിക വിഭാഗത്തിലേക്ക് ഗോപി മണമാടത്തിലും, കൃഷ്ണകുമാർ പാണാട്ടിലും, കണ്ണൻ തണ്ടാശ്ശേരിയും തമ്മിലായിരുന്നു മത്സരം, ഗോപി മണമാടത്തിലിന് 715 വോട്ടും, കൃഷ്ണകുമാർ പാണാട്ടിലിന് 250 വോട്ടും, കണ്ണൻ തണ്ടാശ്ശേരിക്ക് 112 വോട്ടും ലഭിച്ചു കൂടുതൽ വോട്ട് ലഭിച്ച ഗോപി മണമാടത്തിൽ തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിച്ചു.

തുറവൻകാട് വിഭാഗത്തിലേക്ക് കെ.കെ.ചന്ദ്രൻ, സുരേഷ് തുമ്പരത്തി എന്നിവർ തമ്മിലായിരുന്നു മത്സരം. കെ.കെ.ചന്ദ്രന് 712 വോട്ടും, സുരേഷ് തുമ്പരത്തിക്ക് 331 വോട്ടും ലഭിച്ചു. കൂടുതൽ വോട്ട് ലഭിച്ച കെ.കെ. ചന്ദ്രൻ വിജയിച്ചതായി പ്രഖ്യാപിച്ചു.

ജനറൽ വിഭാഗത്തിലേക്ക് 11 സ്ഥാനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ അനിൽ മുക്കുളം കിഷോർകുമാർ നടുവളപ്പിൽ, ജിജി മലയാറ്റിൽ, ബാബു ചുക്കത്ത്, ബാബു ചെറാക്കുളം, ബോസ് തണ്ടാശ്ശേരി, ബൈജു തെക്കൂട്ട്, മോഹനൻ മടത്തിക്കര, മോഹൻലാൽ കണ്ണാംകുളം, മുരളി തേറാട്ടിൽ, രാമാനന്ദൻ ചെറാക്കുളം, വിശ്വംഭരൻ മുക്കുളം, ഷിജിൻ തവരങ്ങാട്ടിൽ, ഷിബു വെളിയത്ത്, സന്തോഷ്.സി.ജി.ചെറാക്കുളം, സുജിത്ത് കോട്ടപ്പുറം, സുധീർ മുക്കുളം, സുനിൽ ചെറാക്കുളം, സുനിൽകുമാർ പീടികപറമ്പിൽ, സുരേഷ്ബാബു കൂവ്വക്കാട്ടിൽ, സുരേന്ദ്രൻ ചാണാടിക്കൽ, സോമസുന്ദരൻ കൊളത്തുപറമ്പിൽ റിജു ദാസ് തടത്തിപറമ്പിൽഎന്നിവർ മത്സരിച്ചു.

| | | |
|---|---|---|
| 1. | കിഷോർകുമാർ നടുവളപ്പിൽ | 787 വോട്ട് |
| 2. | ബോസ് തണ്ടാശ്ശേരി | 770 വോട്ട് |
| 3. | മോഹനൻ മഠത്തിക്കര | 782 വോട്ട് |
| 4. | രാമാനന്ദൻ ചെറാക്കുളം | 754 വോട്ട് |
| 5. | വിശ്വംഭരൻ മുക്കുളം | 727 വോട്ട് |
| 6. | ഷിജിൻ തവരങ്ങാട്ടിൽ | 777 വോട്ട് |
| 7. | സുനിൽ ചെറാക്കുളം | 754 വോട്ട് |
| 8. | സുനിൽകുമാർ പീടികപറമ്പിൽ | 689 വോട്ട് |
| 9. | സുരേഷ് ബാബു കൂവ്വക്കാട്ടിൽ | 730 വോട്ട് |
| 10. | സുരേന്ദ്രൻ ചാണാടിക്കൽ | 712 വോട്ട് |
| 11. | സോമസുന്ദരൻ കൊളത്തൂപറമ്പിൽ | 737 വോട്ട് |
| 12. | അനിൽ മുക്കുളം | 372 വോട്ട് |
| 13. | ജിജി മലയാറ്റിൽ | 317 വോട്ട് |
| 14. | ബാബു ചുക്കത്ത് | 318 വോട്ട് |
| 15. | ബാബു ചെറാക്കുളം | 332 വോട്ട് |
| 16. | ബൈജു തെക്കൂട്ട് | 309 വോട്ട് |
| 17. | മോഹൻലാൽ കണ്ണാംകുളം | 332 വോട്ട് |
| 18. | മുരളി തേറാട്ടിൽ | 295 വോട്ട് |
| 19. | ഷിബു വെളിയത്ത് | 94 വോട്ട് |
| 20. | സന്തോഷ്.സി.ജി. ചെറാക്കുളം | 339 വോട്ട് |
| 21. | സുജിത്ത് കോട്ടപ്പുറം | 310 വോട്ട് |
| 22. | സുധീർ മുക്കുളം | 334 വോട്ട് |
| 23. | റിജുദാസ് തടത്തിപറമ്പിൽ | 329 വോട്ട് |

ജനറൽ വിഭാഗത്തിൽ ഏറ്റവും കൂടുതൽ വോട്ട് ലഭിച്ച Sl. No. 1മുതൽ 11 വരെയുള്ളവരെ വിജയിച്ചതായി റിട്ടേണിംഗ് ഓഫീസർ പ്രഖ്യാപിച്ചു. 2024 ജൂലായ് 12-ാം തിയ്യതി വെള്ളിയാഴ്ച വൈകീട്ട് 6 മണിക്ക് വാർഷിക പൊതുയോഗത്തിൽ തെരഞ്ഞെടുത്ത ഭരണസമിതിയുടെ യോഗം സീനിയർ മെമ്പറായ ശ്രീ. ഗോപി മണമാടത്തിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. യോഗത്തിൽ വെച്ച് പ്രസിഡണ്ടായി കിഷോർകുമാർ നടുവളപ്പിൽ അവർകളെയും, വൈസ് പ്രസിഡണ്ടായി ഷിജിൻ തവരങ്ങാട്ടിൽ അവർകളെയും സെക്രട്ടറിയായി വിശ്വംഭരൻ മുക്കുളം അവർകളെയും, ജോ.സെക്രട്ടറിയായി ദിനേഷ്കുമാർ എളന്തോളി അവർകളെയും, ട്രഷററായി വേണു തോട്ടുങ്ങൽ അവർകളെയും ഐക്യകണ്ഠേന തെരഞ്ഞെടുത്തു. എസ്.എൻ.ബി.എസ്. സമാജം എ.എൽ.പി. സ്കൂളിന്റെ മാനേജരായി രാമാനന്ദൻ ചെറാക്കുളം അവർകളെയും തെരഞ്ഞെടുത്തു. കൂടാതെ താഴെപ്പറയുന്ന സബ്ബ് കമ്മിറ്റികളെയും ഐക്യകണ്ഠേന തെരഞ്ഞെടുത്തു.

**സ്കൂൾ കമ്മിറ്റി** : സോമസുന്ദരൻ കൊളത്തൂപറമ്പിൽ, സുരേന്ദ്രൻ ചാണാടിക്കൽ, സുരേഷ് ബാബു കൂവ്വക്കാട്ടിൽ

**ക്ഷേത്രഭരണം:** ബോസ് തണ്ടാശ്ശേരി, ഗോപി മണമാടത്തിൽ, രാമാനന്ദൻ ചെറാക്കുളം, സുരേഷ്ബാബു കൂവ്വക്കാട്ടിൽ

**ശ്മശാനം കമ്മിറ്റി** : സുനിൽകുമാർ പീടികപറമ്പിൽ, മോഹനൻ മടത്തിക്കര, സുനിൽ ചെറാക്കുളം

**എസ്.എൻ.വൈ.എസ്. കമ്മിറ്റി** : കെ.കെ.ചന്ദ്രൻ, ദിനേഷ്കുമാർ എളത്തോളി
തുടർന്ന് ഭരണസമിതി ചാർജ്ജെടുത്ത് പ്രവർത്തനമാരംഭിച്ചു.

**അംഗങ്ങൾ**

ഈ റിപ്പോർട്ട് വർഷം പുതിയ മെമ്പർമാരായി 6 പേരെ ചേർക്കുകയുണ്ടായി.

**ക്ഷേത്ര ഭരണം:**

ക്ഷേത്രത്തിൽ പൂജാദികർമ്മങ്ങളും മറ്റും മേൽശാന്തി മണിശാന്തിയുടെ നേതൃത്വത്തിൽ വളരെ ഭംഗിയായി നടന്നുവരുന്നുണ്ട്. ഭക്തജനങ്ങളുടെ സാന്നിദ്ധ്യം മുൻ വർഷങ്ങളെക്കാൾ വളരെയധികം വർദ്ധിച്ചു വന്നിട്ടുണ്ടെന്ന് അംഗങ്ങളെ അറിയിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. കർക്കിടകമാസത്തിലെ ആനയൂട്ടിലും അഷ്ടദ്രവ്യമഹാഗണപതിഹോമത്തിലും ഭഗവതിസേവയിലും ഔഷധ കഞ്ഞി വിതരണത്തിലും ഭക്തജനങ്ങളുടെ നിറസാന്നിദ്ധ്യം ഏറെ ചാരിതാർത്ഥ്യം ഉളവാക്കുന്നു. കർക്കിടകമാസത്തിലെ വാവുബലി, തുലാമാസത്തിലെ വാവുബലി, ശിവരാത്രി ബലി, എന്നിവക്ക് വൻ ജനതിരക്ക് അനുഭവപ്പെട്ടു. കന്നിമാസത്തിലെ നവരാത്രി മഹോത്സവം, മണ്ഡലപൂജ മഹോത്സവം, ദേശവിളക്ക്, ദീപാവലി, ഷഷ്ഠി, ആയില്ല്യപൂജ തുടങ്ങിയ വിശേഷാൽ ചടങ്ങുകൾ ഭക്തജനങ്ങളുടെ നിറസാന്നിദ്ധ്യത്തോടെ ഭംഗിയായിനടത്തുവാൻ സാധിച്ചു. 2024 നവംബർ 20 (വൃശ്ചികം 5) ബുധനാഴ്ച ദേശവിളക്ക് മഹോത്സവം 3 അമ്പലം പൂട്ടി ഭംഗിയായി നടത്തിയ ദേശവിളക്ക് കമ്മിറ്റിക്ക് എല്ലാവിധ അഭിനന്ദനങ്ങളും അർപ്പിക്കട്ടെ.

**ക്ഷേത്ര നവീകരണം** :

ക്ഷേത്ര വിധിപ്രകാരം പ്രദക്ഷിണ വഴി നിർമ്മിച്ചു. പുറത്തെ നടപ്പാതയിൽ കരിങ്കൽപാളികൾ വിരിയ്ക്കുകയും, വർഷക്കാലത്ത് വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ഡ്രെയിനേജിന്റെ പണികൾ പൂർത്തീകരിക്കുകയും ചെയ്തു. ഭക്തജനങ്ങളുടെ സമർപ്പണം സ്വീകരിച്ചു കൊണ്ട് കിണർ, ക്ഷേത്രപ്രവേശന കവാടം എന്നിവ ആകർഷകമാക്കി. ക്ഷേത്രഗോപുരം മുതൽ ആവശ്യമെന്ന് കരുതുന്ന ഇടങ്ങളിൽ ടൈൽ വിരിയ്ക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു.

**വിളക്കുമാടം** : ക്ഷേത്രത്തിന് ചുറ്റും 960 ഓടിൽ തീർത്ത ചിരാത് വിളക്കുകൾ സ്ഥാപിച്ചു. ചുറ്റുമതിലിൽ അലങ്കാരപണികൾ ചെയ്ത് മനോഹരമാക്കി. ക്ഷേത്ര നവീകരണ പ്രവർത്തനങ്ങൾക്ക്ശേഷം കൂടുതൽ ഭക്തജനങ്ങൾ ആരാധനയ്ക്കായി എത്തുന്നത് ശ്രദ്ധേയമാണ്. ക്ഷേത്രനവീകരണത്തിൽ സഹകരിച്ച എല്ലാ ഭക്തജനങ്ങൾക്കും ഹൃദയപൂർവ്വം നന്ദിരേഖപ്പെടുത്തുന്നു.

**മാതൃസംഘം**

തികച്ചും മാതൃകാപരമായി തന്നെയാണ് ക്ഷേത്രത്തിലെ മാതൃസംഘത്തിന്റെ പ്രവർത്തനമെന്ന് പറയുന്നതിൽ ഏറെ സന്തോഷമുണ്ട്. ക്ഷേത്രത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി നല്ല നിലയിൽ സഹകരിച്ച് പ്രവർത്തിച്ചു വരുന്ന മാതൃസംഘത്തിന്റെ എല്ലാ സഹോദരിമാരോടും സമാജം കമ്മിറ്റിയുടെ നന്ദി രേഖപ്പെടുത്തട്ടെ. വിശേഷാൽ ദിവസങ്ങളിൽ മാതൃസംഘം പ്രവർത്തകരുടെ നിറസാന്നിദ്ധ്യം ക്ഷേത്രത്തിന് ഏറെ ഗുണകരമായി അനുഭവപ്പെടുന്നുണ്ട്. ഷഷ്ഠിമഹോത്സവത്തിന് മാതൃസംഘത്തിന്റെ പ്രവർത്തനത്തെ മുക്തകണ്ഠം പ്രശംസിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ മുന്നോട്ടുപോകുന്ന മാതൃസംഘത്തിന്റെ എല്ലാവിധ നല്ല പ്രവർത്തനങ്ങൾക്കും സമാജത്തിന്റെ എല്ലാവിധ പിൻതുണയും വാഗ്ദാനം ചെയ്യുന്നു.

**ഗുരുമന്ദിരം**

ശ്രീ പോളശ്ശേരി സുധാകരൻ അവർകൾ സമാജത്തിന് സമർപ്പിച്ച ഗുരുന്ദിരത്തിൽ എല്ലാ മാസത്തിലെയും ചതയദിനത്തിൽ പ്രത്യേകപൂജയും സർവ്വൈശ്വര്യപൂജയും, സമൂഹപ്രാർത്ഥനയും, ഗുരുദേവ പ്രഭാഷണവും അതിനുശേഷം പ്രസാദഊട്ടും, നടത്തിവരുന്നു ചതയദിന ഗുരുപൂജയും പ്രസാദഊട്ടും വഴിപാടായി നടത്തുവാൻ സമാജം അംഗങ്ങൾ മുന്നോട്ടു വരണമെന്ന് അഭ്യർത്ഥിക്കുന്നു.

**നടപ്പന്തൽ**

ശ്രീ തറയിൽ ബാലൻ അവർകളുടെ സ്മരണക്കായി അവരുടെ കുടുംബാംഗങ്ങൾ പണികഴിപ്പിച്ച് സമർപ്പിച്ച നടപന്തലിൽ ധാരാളം വിവാഹങ്ങളും ക്ഷേത്ര സംബന്ധമായ മറ്റു ചടങ്ങുകളും നടന്നുവരുന്നുണ്ട്.

**ശ്രീനാരായണഹാളും, ഡൈനിംഗ് ഹാൾ**

എസ്.എൻ.ബി.എസ്. സമാജത്തിന്റെ പ്രൗഢിക്ക് അനുസൃതമായി സമാജം അംഗങ്ങളുടെ അനുഗ്രഹമെന്നോണം ശ്രീനാരായണഹാൾ മോടി പിടിപ്പിക്കുന്നതിന്റെ തുടർച്ചയായി 60 സ്റ്റീൽ മേശകൾ വാങ്ങിക്കുവാൻ

തീരുമാനിച്ചു. ഹാളിന്റെ പുനഃരുദ്ധാരണ പണികൾ എല്ലാം കഴിഞ്ഞിട്ടും കല്ല്യാണങ്ങൾ വളരെ കുറവ് മാത്രമെ റിപ്പോർട്ട് വർഷത്തിൽ നടന്നിട്ടുള്ളൂ.

**SNBS സമാജം LPസ്കൂൾ**

നമ്മുടെ സമാജത്തിന്റെ അഭിമാനമായ പുല്ലൂർ എസ്.എൻ.ബി.എസ്. സമാജം എൽ.പി.സ്കൂൾ നല്ല രീതിയിൽ നടന്നുവരുന്നു. സമീപ സ്ഥലങ്ങളിലെ പല സ്കൂളുകളും ഡിവിഷനുകൾ നഷ്ടപ്പെടുമ്പോൾ പ്രവർത്തനമികവിന്റെ ഫലമായി ഡിവിഷനുകൾ നഷ്ടപ്പെടാതെ നില നിർത്തുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. സ്കൂളിന്റെ സുഗമമായ നടത്തിപ്പിന് സമാജത്തിൽ നിന്ന് വൻതുക ചിലവുകൾ വരുന്നുണ്ട്. എൽ.പി. സ്കൂളിന്റെ എല്ലാ ക്ലാസ്സുകളും എൽ.കെ.ജി. മുതൽ 4-ാം ക്ലാസ്സ് ഉൾപ്പടെ ഇപ്പോൾ പുതിയ കെട്ടിടത്തിൽ ആണ് പ്രവർത്തിക്കുന്നത്. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ വകയായി ഒരു ക്ലാസ്സ് മുറി സ്മാർട്ട് ക്ലാസ്സ് ആക്കി മാറ്റുവാൻ സാധിച്ചിട്ടുണ്ട്. ആയതിന് ബാങ്കിനോടുള്ള നന്ദി പ്രത്യേകം അറിയിച്ചുകൊള്ളുന്നു. MLA യുടെ ഫണ്ടിൽ നിന്നും 3 ലക്ഷം രൂപ സ്മാർട്ട് ക്ലാസ്സിനായി അനുവദിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. ഉപജില്ലാ കലോത്സവത്തിൽ ഈ വർഷം 1-ാം സ്ഥാനം നമ്മുടെ സ്കൂളിനാണ് ലഭിച്ചത് എന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. അതിനുവേണ്ടി പ്രവർത്തിച്ച ടീച്ചേഴ്സിനോടും, പി.ടി.എ. അംഗങ്ങളോടും. രക്ഷിതാക്കളോടും സമാജത്തിനുള്ള കൃതജ്ഞത അറിയിക്കുന്നു. സ്കൂളിന് പുതിയ ടോയ്‌ലെറ്റ് ബ്ലോക്ക് പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തോടെ 9 ലക്ഷം രൂപ ചെലവിൽ പണിതുകൊണ്ടിരിക്കുന്നു. ഇതിലേക്കായി സമാജം 20% തുക പഞ്ചായത്തിൽ അടക്കേണ്ടതായി വന്നു. സ്കൂളിന് പുതിയ കിച്ചനും,ഹാളും നിർമ്മിച്ചു കിട്ടുന്നതിന് MLAഫണ്ടിൽ നിന്നും പണം ലഭിക്കുന്നതിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്.

**എസ്.എൻ.വൈ.എസ്. ലൈബ്രറി**

എസ്.എൻ.വൈ.എസ്. ലൈബ്രറി നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. കോവിഡ് മുഖാന്തിരം നഷ്ടപ്പെട്ട പ്രഭാവം പുതിയ ഭരണസമിതിയുടെ പ്രവർത്തനമികവ് കൊണ്ട് പുനരുജ്ജീവിപ്പിക്കുവാൻ കഴിഞ്ഞു. ലൈബ്രറിയുടെ അഭിവൃദ്ധിക്കുവേണ്ടി എല്ലാവിധ സഹായസഹകരണങ്ങളും സമാജം കമ്മിറ്റി നല്കി വരുന്നുണ്ട്. ചിത്രരചനമത്സരങ്ങളും, അഖില കേരള പ്രൊഫഷണൽ നാടകോത്സവം എന്നിവ ഗംഭീരമാക്കുവാൻ എസ്.എൻ.വൈ.എസ്.ന്റെ പ്രവർത്തകർക്ക് കഴിഞ്ഞിട്ടുണ്ട്.

**ശ്രീനാരായണഗുരുജയന്തി**

170-ാമത് ശ്രീനാരായണഗുരുജയന്തി 2024 ആഗസ്റ്റ് 20-ാം തിയ്യതി ചൊവ്വാഴ്ച ഭക്തിപൂർവ്വം ഗംഭീരമായി ആഘോഷിക്കുകയുണ്ടായി. ഇത്തവണ എസ്.എൻ.ഡി.പി. മുകുന്ദപുരം യൂണിയൻ, എസ്.എൻ.ബി.എസ്.സമാജം, എസ്.എൻ.വൈ.എസ്., മുകുന്ദപുരം എസ്.എൻ.ഡി.പി.യൂണിയനിലെ 1,2 മേഖലയിലെ ശാഖായോഗങ്ങൾ, ഇരിങ്ങാലക്കുടയിലെ ഇതര ശ്രീനാരായണപ്രസ്ഥാനങ്ങൾ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് ശ്രീനാരായണഗുരുജയന്തി ആഘോഷിച്ചത്. കൃത്യം 4 മണിക്ക് ശ്രീ കൂടൽമാണിക്യം ക്ഷേത്ര പരിസരത്ത് നിന്നും ഘോഷയാത്ര താളമേള വാദ്യഘോഷങ്ങളുടെ അകമ്പടിയോടെ ആരംഭിച്ച് 5 മണിയോടെ ശ്രീ വിശ്വനാഥപുരം ക്ഷേത്രാങ്കണത്തിൽ എത്തിച്ചേർന്നു. തുടർന്ന് നടന്ന പൊതുസമ്മേളനം ബഹു. ഇരിങ്ങാലക്കുട മുനിസിപ്പൽ ചെയർപേഴ്സൻ ശ്രീമതി.സുജ സഞ്ജീവ്കുമാർ ഉദ്ഘാടനം ചെയ്തു. എസ്.എൻ.ബി.എസ്.സമാജം നടത്തിയ സാഹിത്യ മത്സരത്തിലെ വിജയികൾക്കും എസ്.എൻ.വൈ.എസ്. നടത്തിയ ചിത്രരചനമത്സരത്തിലെ വിജയികൾക്കുമുള്ള സമ്മാനങ്ങളും ക്യാഷ് അവാർഡും ഐ.ടി.യു. ബാങ്ക് പ്രസിഡന്റ് ശ്രീ. എം. പി. ജാക്സൻ അവർകൾ വിതരണം ചെയ്യുകയുണ്ടായി. സമ്മേളനാനന്തരം തിരുവാതിരക്കളിയും, വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.

**ശ്രീനാരായണഗുരു സമാധി ദിനാചരണം**

ശ്രീനാരായണഗുരു സമാധി ദിനാചരണം ക്ഷേത്ര മേൽശാന്തിയുടെ നേതൃത്വത്തിൽ ഗുരുപൂജയും, സമൂഹപ്രാർത്ഥനയും, അന്നദാനവും നടത്തി.

**കാവടിപൂര മഹോത്സവം**

ഈ വർഷത്തെ കാവടി പൂര മഹോത്സവം പ്രതിഷ്ഠാദിനമായ ഫെബ്രുവരി 10-ാം തിയ്യതി കൊടികയറി ഫെബ്രുവരി 15 ശനി കാവടി വരവ്, 16 ഞായറാഴ്ച പൂരം, പള്ളിവേട്ട ഫെബ്രുവരി 17 തിങ്കളാഴ്ച ആറാട്ടോടുകൂടി സമാപിച്ചു. ഫെബ്രുവരി 10-ാം തിയ്യതി തിങ്കളാഴ്ച വൈകീട്ട് 7നും 7.48നും മദ്ധ്യേ സ്വാമി ബ്രഹ്മസ്വരൂപാനന്ദ ശ്രീനാരായണ ആശ്രമം അമരിപ്പാടം സാന്നിദ്ധ്യത്തിൽ പറവൂർ ബ്രഹ്മശ്രീ രാജേഷ് തന്ത്രി

കൊടിയേറ്റി. ഫെബ്രുവരി 10-ാം തിയ്യതി തിങ്കളാഴ്ച മുതൽ നാടകോത്സവം ആരംഭിച്ചു. നാടകോത്സവം ഉദ്ഘാടനം പ്രസിദ്ധ സിനിമാതാരം ശ്രീ.സന്തോഷ് കീഴാറ്റൂർ നിർവ്വഹിച്ചു. തുടർന്ന് 6 ദിവസം പ്രൊഫഷണൽ നാടകങ്ങൾ ഉണ്ടായി. കാവടി പൂര വരവ് ഫെബ്രുവരി 15ന് നാലു പ്രാദേശിക വിഭാഗങ്ങളും കണ്ണഞ്ചിപ്പിക്കുന്ന പൂക്കാവടികളും, ഗോപുരക്കാവടികളും മറ്റ് വാദ്യഘോഷങ്ങളോടുകൂടി അതി മനോഹരമായി പകലും രാത്രിയും നടത്തുകയുണ്ടായി.

ഫെബ്രുവരി 16-ാം തിയ്യതി നടന്ന പൂരമഹോത്സവം 7 ഗജവീരന്മാരുടെ അകമ്പടിയോടുകൂടി മേളാചാര്യൻ ചേരനെല്ലൂർ രഘുമാരാരുടെ പ്രമാണത്തിൽ അതിഗംഭീരമായി നടത്തുകയുണ്ടായി.

ഇത്തവണത്തെ കാവടി പൂരമഹോത്സവത്തിന് ബഹുനിലകളോടുകൂടിയ അലങ്കാരപന്തലും, കാവടി ദിവസം ഏകദേശം 3000 പേർക്ക് അന്നദാനവും, ടി ആവശ്യത്തിനായി രൂപീകരിച്ച സബ്ബ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തുകയുണ്ടായി. ഈ സബ്ബ് കമ്മിറ്റിയുടെ എല്ലാ ഭാരവാഹികൾക്കും സമാജം കമ്മറ്റിയുടെ പേരിൽ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

ഇപ്രാവശ്യത്തെ കാവടി പൂര മഹോത്സവത്തിൽ ഒന്നാം സ്ഥാനം കോമ്പാറ വിഭാഗത്തിനും രണ്ടാം സ്ഥാനം പുല്ലൂർ വിഭാഗത്തിനും, ഏറ്റവും നല്ല പൂക്കാടവി കോമ്പാറ വിഭാഗത്തിനും, ഏറ്റവും നല്ല ഗോപുരക്കാവടി ടൗൺ പടിഞ്ഞാട്ടുമുറി വിഭാഗത്തിനും, അച്ചടക്കത്തിന് കോമ്പാറ വിഭാഗത്തിനും സമ്മാനങ്ങൾ ലഭിക്കുകയുണ്ടായി കാവടി പൂരമഹോത്സവം വളരെ ഭംഗിയായി നടത്തുവാൻ സഹകരിച്ച പ്രാദേശിക ഉത്സവാഘോഷ കമ്മിറ്റിക്കാർക്കും, എസ്.എൻ.വൈ.എസ്. പ്രവർത്തകർ, സമാജം സ്റ്റാഫ്, പോലീസ് ഉദ്യോഗസ്ഥർ, ദൃശ്യ മാധ്യമ പ്രവർത്തകർ, സമാജം സ്നേഹികളായ മറ്റു എല്ലാവർക്കും പ്രത്യേകം നന്ദി പറയുന്നു.

**ചാരിറ്റി**

സമാജത്തിന്റെ സാമ്പത്തിക പരിധിക്കുള്ളിൽ നിന്നുകൊണ്ട് ജീവകാരുണ്യ പ്രവർത്തനങ്ങൾ, ചികിത്സാസഹായം മുതലായവ നടത്തിയിരുന്നു. നമ്മുടെ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് പഠിക്കുന്നതിന് പുസ്തകങ്ങൾ യൂണിഫോം കൂടാതെ പാവപ്പെട്ട കുട്ടികൾക്ക് വാഹനസൗകര്യം എന്നിവ നടത്തിവരുന്നു.

**ശ്മശാനം**

ശ്മശാനം നല്ല രീതിയിൽ എല്ലാവർക്കും ഉപകാരപ്രദമാകും വിധം നടന്നു വരുന്നു. ചുറ്റുമതിൽ ഇടിഞ്ഞു കിടക്കുന്നത് നന്നാക്കുവാൻ ഭീമമായ സംഖ്യ വരുന്നതിനാൽ മുനിസിപ്പൽ അധികാരികളുടെ സഹായത്തോടെ നടത്തുവാൻ ശ്രമിച്ചുവരുന്നു.

**മറ്റ് കാര്യങ്ങൾ**

റിപ്പോർട്ട് വർഷത്തിലെ പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിന് ആത്മാർത്ഥമായി സഹകരിക്കുകയും സഹായിക്കുകയും ചെയ്ത സമാജം ജീവനക്കാരോടും യഥാസമയങ്ങളിൽ നിയമോപദേശങ്ങൾ നൽകി സഹായിച്ച ലീഗൽ അഡ്വൈസറോടും കണക്കുകൾ കൃത്യസമയത്ത് ഓഡിറ്റ് ചെയ്ത് തന്ന ഓഡിറ്റേഴ്സിനോടും എസ്.എൻ.വൈ.എസ്., പ്രാദേശിക ഉത്സവാഘോഷകമ്മിറ്റി ഭാരവാഹികൾ ക്ഷേത്രം ശാന്തിമാർ, പത്ര-ദൃശ്യ മാധ്യമ പ്രവർത്തകരോടും പ്രത്യേകം നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ പ്രവർത്തനറിപ്പോർട്ട് മാന്യ സമാജം മെമ്പർമാരുടെ ചർച്ചക്കും അംഗീകാരത്തിനുമായി സവിനയം സമർപ്പിക്കുന്നു.

ഇരിങ്ങാലക്കുട
11-06-2025

(ഒപ്പ്)
**വിശ്വംഭരൻ മുക്കുളം**
(സെക്രട്ടറി)

# എസ്.എൻ.ബി.എസ്.സമാജം, ഇരിങ്ങാലക്കുട
## ക്ഷേത്രഭരണം 2024 – 25 ലെ ലാഭചേതം

| ചേതം | ക. | പ. | ലാഭം | ക. | പ. |
|---|---|---|---|---|---|
| ഹാൾ ചിലവ് | 231063 | 00 | ഹാളിൽ നിന്നും വരവ് | 1759500 | 00 |
| പൂജ | 925169 | 00 | പൂജ | 1247452 | 00 |
| ഷഷ്ഠി | 1692974 | 00 | ഷഷ്ഠി | 1124100 | 00 |
| ജയന്തി & സമാധി | 208901 | 00 | ഭണ്ഡാരം വരവ് | 646716 | 00 |
| പറമ്പു സംരക്ഷണം | 46190 | 00 | നടവരവ് | 497066 | 00 |
| പ്രിന്റിംഗ് & സ്റ്റേഷനി | 17372 | 00 | പലിശ | 2623 | 00 |
| വിദ്യാഭ്യാസ ചിലവുകൾ | 10350 | 00 | വാടക | 466113 | 00 |
| പലവക | 14202 | 17 | വിവാഹസംഭാവന | 13000 | 00 |
| ചാരിറ്റി | 150623 | 00 | മെമ്പർഷിപ്പ് ഫീസ് | 630 | 00 |
| ഇൻഷൂറൻസ് | 22892 | 00 | പറമ്പാദായം | 70616 | 00 |
| നികുതി | 13296 | 00 | | | |
| ലൈസൻസ് ഫീ & ടാക്സ് | 2500 | 00 | | | |
| ബാങ്ക് ചാർജ്ജ് | 3 | 41 | | | |
| പൊതുയോഗം | 79937 | 00 | | | |
| ഓഡിറ്റ് ഫീസ് | 40000 | 00 | | | |
| ബോണസ്സ് | 17971 | 00 | | | |
| സ്വീകരണം | 7258 | 00 | | | |
| തിരഞ്ഞെടുപ്പ് | 163728 | 00 | | | |
| പോസ്റ്റേജ് | 600 | 00 | | | |
| സ്റ്റാഫ് & സബ്ബ്സ്ക്രൈബേഴ്സ് വെൽഫെയർ | 40936 | 00 | | | |
| ലൈബ്രറി | 52581 | 00 | | | |
| ശമ്പളം & അലവൻസ് | 444036 | 00 | | | |
| യാത്രാചെലവ് | 930 | 00 | | | |
| പ്രൊവിഡന്റ് ഫണ്ട് | 22109 | 00 | | | |
| സ്വീപ്പിംഗ് | 198300 | 00 | | | |
| സ്പോർട്സ് | 4947 | 00 | | | |
| റിപ്പയർ & മെയിന്റനൻസ് | 336129 | 00 | | | |
| തേയ്മാനം | 931615 | 00 | | | |
| ലാഭം | 151203 | 42 | | | |
| | **5827816** | **00** | | **5827816** | **00** |

# എസ്.എൻ.ബി.എസ്.സമാജം, ഇരിങ്ങാലക്കുട

## ക്ഷേത്രഭരണം 31–03–2025ലെ മുതൽ കടം സ്റ്റേറ്റ്മെന്റ്

| കടം | ക. | പ. | മുതൽ | ക. | പ. |
|---|---|---|---|---|---|
| ക്യാപിറ്റൽ ഫണ്ട് | 9416441 | 28 | വസ്തുവഹകൾ, ബിൽഡിംഗ് മുതലായവ | 10059504 | 17 |
| കുറി അക്കൗണ്ട് | 956491 | 63 | ഡെപ്പോസിറ്റ് ടൗൺ കോ-ഓപ്പറേറ്റീവ് ബാങ്ക് | 231041 | 00 |
| ഹാൾ ബുക്കിംഗ് അഡ്വാൻസ് | 325000 | 00 | SNBS സമാജം LPസ്കൂൾ | 11192398 | 00 |
| വാടക അഡ്വാൻസ് | 295000 | 00 | ഗുരുദേവ കൗൺസിലിംഗ് സെന്റർ | 50790 | 00 |
| ബിൽഡിംഗ് ഫണ്ട് | 5000000 | 00 | ബാങ്ക് ബാലൻസ് | 120246 | 42 |
| ശ്മശാന നവീകരണ കമ്മിറ്റി | 5427090 | 00 | കയ്യിരിപ്പ് | 5368 | 32 |
| വിവാഹവാർഷിക ദമ്പതിപൂജ | 196137 | 00 | | | |
| ജന്മനക്ഷത്രപൂജ ഫണ്ട് | 2002 | 00 | | | |
| പ്രൊവിഡന്റ് ഫണ്ട് | 2586 | 00 | | | |
| ക്രഡിറ്റേഴ്സ് ഫോർ എക്സ്പെൻസസ്സ് | 38600 | 00 | | | |
| **ആകെ** | **21659347** | **91** | **ആകെ** | **21659347** | **91** |

# എസ്.എൻ.ബി.എസ്.സമാജം, ഇരിങ്ങാലക്കുട
## കുറി 2024 – 2025 ലെ ലാഭചേതം

| ചേതം | ക. | പ. | ലാഭം | ക. | പ. |
|---|---|---|---|---|---|
| വാടക | 60000 | | പലിശ | 112558 | 00 |
| കറന്റ് ചാർജ്ജ് | 20447 | | നഷ്ടം | 3665 | 44 |
| ടെലഫോൺ ചാർജ്ജ് | 8511 | | | | 00 |
| ബാങ്ക് ചാർജ്ജ് | 186 | 44 | | | |
| പ്രൊഫഷണൽ ടാക്സ് | 4000 | | | | 00 |
| ലിറ്റിഗേഷൻ ചാർജ്ജ് | 3125 | | | | |
| യാത്രാചെലവ് | 2275 | | | | |
| പോസ്റ്റേജ് | 725 | | | | |
| തേയ്മാനം | 16954 | | | | |
| **ആകെ** | **116223** | **44** | | **116223** | **44** |

# എസ്.എൻ.ബി.എസ്.സമാജം, ഇരിങ്ങാലക്കുട
# കുറി 2024 – 2025 ലെ മുതൽ കടംസ്റ്റേറ്റ്മെന്റ്

| കടം | ക. | പ. | മുതൽ | ക. | പ. |
|---|---|---|---|---|---|
| ക്യാപിറ്റൽ ഫണ്ട് | 1892277 | 35 | ഫർണീച്ചർ, വാൻ, ജനറേറ്റർ മുതലായവ | 115307 | 73 |
| റിസർവ്വ് ഫണ്ട് | 47236 | 62 | ക്ഷേത്രഭരണം | 956491 | 63 |
| വിദ്യാഭ്യാസ ഫണ്ട് | 28685 | 00 | റെന്റ് ഡെപ്പോസിറ്റ് | 900 | 00 |
| എൻഡോവ്മെന്റ് (പി.എ.മാണിക്ക്യൻ) | 25625 | 00 | വിദ്യാഭ്യാസ ഫണ്ട് | 20000 | 00 |
| എൻഡോവ്മെന്റ് (തറയിൽ കൃഷ്ണൻകുട്ടി) | 8639 | 00 | എന്റോവ്മെന്റ് | 28673 | 00 |
| കുറി അക്കൗണ്ട് | 1955807 | 39 | ബാങ്ക് ഡെപ്പോസിറ്റ് | 947454 | 00 |
| ഡെയ്‌ലി കളക്ഷൻ | 179273 | 09 | ബാങ്ക് ബാലൻസ് | 1119642 | 69 |
| | | | ഇൻകം ടാക്സ് പിടിച്ചത് | 893073 | 53 |
| | | | പലിശ കിട്ടാനുള്ളത് | 50241 | 00 |
| | | | കയ്യിരിപ്പ് | 5759 | 87 |
| **ആകെ** | **4137543** | **45** | **ആകെ** | **4137543** | **45** |

# എസ്.എൻ.ബി.എസ്.സമാജം ഇരിങ്ങാലക്കുട
# കുറി ബഡ്ജറ്റ് 2025–2026 വരവ്

| | ഇനവിവരം | 2024-25ലേക്ക് പ്രതീക്ഷിച്ചത് | | 2024-25ലെ അസ്സൽവരവ് | | 2025-26ലേക്ക് പ്രതീക്ഷിക്കുന്നത് | |
|---|---|---|---|---|---|---|---|
| 1. | പലിശ | 140000 | 00 | 112558 | 00 | 120000 | 00 |
| 2. | അധിക ചെലവ് | | | 3665 | 44 | | |
| | | **140000** | **00** | **116223** | **44** | **120000** | **00** |

## ചിലവ്

| | | | | | | | |
|---|---|---|---|---|---|---|---|
| 1. | വാടക | 60000 | 00 | 60000 | 00 | | |
| 2. | കറന്റ് ചാർജ്ജ് | 25000 | 00 | 20447 | 00 | 28000 | 00 |
| 3. | ടെലഫോൺ ചാർജ്ജ് | 10000 | 00 | 8511 | 00 | 12000 | 00 |
| 4. | ബാങ്ക് ചാർജ്ജ് | 5000 | 00 | 186 | 44 | 5000 | 00 |
| 5. | പ്രൊഫഷണൽ ടാക്സ് | 5000 | 00 | 4000 | 00 | 6000 | 00 |
| 6. | യാത്രാചെലവ് | 3000 | 00 | 2275 | 00 | 3000 | 00 |
| 7. | പോസ്റ്റേജ് | 2000 | 00 | 725 | 00 | 2000 | 00 |
| 8. | ലിറ്റിഗേഷൻ ചാർജ്ജ് | 4000 | 00 | 3125 | 00 | 5000 | 00 |
| 10. | തേയ്മാനം | 25000 | 00 | 16954 | 00 | 25000 | 00 |
| 11. | നീക്കിയിരിപ്പ് | 1000 | 00 | | | 34000 | 00 |
| | **ആകെ** | **140000** | **00** | **116223** | **44** | **120000** | **00** |

# എസ്.എൻ.ബി.എസ്.സമാജം ഇരിങ്ങാലക്കുട
## ക്ഷേത്രഭരണം ബഡ്ജറ്റ് 2025–26 വരവ്

| | ഇനവിവരം | 2024-25 ലേക്ക് പ്രതീക്ഷിച്ചത് | | 2024-25ലെ അസ്സൽചെലവ് | | 2025-26ലേക്ക് പ്രതീക്ഷിക്കുന്നത് | |
|---|---|---|---|---|---|---|---|
| 1. | ഹാളിൽ നിന്നും വരവ് | 2000000 | 00 | 1759500 | 00 | 2000000 | 00 |
| 2. | നടവരവ് | 600000 | 00 | 497066 | 00 | 800000 | 00 |
| 3. | ഭണ്ഡാരം വരവ് | 350000 | 00 | 646716 | 00 | 750000 | 00 |
| 4. | സംഭാവന | 300000 | 00 | | 00 | 300000 | 00 |
| 5. | വിവാഹസംഭാവന | 50000 | 00 | 13000 | 00 | 50000 | 00 |
| 6. | പറമ്പാദായം | 500000 | 00 | 70616 | 00 | 500000 | 00 |
| 7. | വാടക | 600000 | 00 | 466113 | 00 | 600000 | 00 |
| 8. | പലിശ | 10000 | 00 | 2623 | 00 | 10000 | 00 |
| 9. | മെമ്പർഷിപ്പ് ഫീസ് | 15750 | 00 | 630 | 00 | 15750 | 00 |
| 10. | ഷഷ്ഠി | 1000000 | 00 | 1124100 | 00 | 1500000 | 00 |
| 11 | പൂജ | 950000 | 00 | 1247452 | 00 | 1350000 | 00 |
| | **ആകെ** | **6375750** | **00** | **5827816** | **00** | **7875750** | **00** |

# എസ്.എൻ.ബി.എസ്.സമാജം ഇരിങ്ങാലക്കുട
# ക്ഷേത്രഭരണം ബഡ്ജറ്റ് 2025–26 ചിലവ്

| | ഇനവിവരം | 2024-25 ലേക്ക് പ്രതീക്ഷിച്ചത് | | 2024-25ലെ അസ്സൽചെലവ് | | 2025-26ലേക്ക് പ്രതീക്ഷിക്കുന്നത് | |
|---|---|---|---|---|---|---|---|
| 1. | ഷഷ്ഠി | 1600000 | 00 | 1692974 | 00 | 1850000 | 00 |
| 2. | പൂജ | 900000 | 00 | 925169 | 00 | 1100000 | 00 |
| 3. | ജയന്തി & സമാധി | 250000 | 00 | 208901 | 00 | 300000 | 00 |
| 4. | ഹാൾ ചെലവ് | 250000 | 00 | 231063 | 00 | 350000 | 00 |
| 5. | പറമ്പു സംരക്ഷണം | 50000 | 00 | 46190 | 50 | 100000 | 00 |
| 6. | പ്രിന്റിംഗ് & സ്റ്റേഷനറി | 25000 | 00 | 17372 | 00 | 25000 | 00 |
| 7. | വിദ്യാഭ്യാസ ചെലവുകൾ | 25000 | 00 | 10350 | 00 | 25000 | 00 |
| 8. | പലവക | 25000 | 00 | 14202 | 17 | 30000 | 00 |
| 9. | ചാരിറ്റി | 250000 | 00 | 150623 | 00 | 250000 | 00 |
| 10. | ഇൻഷൂറൻസ് | 25000 | 00 | 22892 | 00 | 30000 | .... |
| 11. | ലൈസൻസ് ഫീ & ടാക്സ് | 15000 | 00 | 2500 | 00 | 15000 | 00 |
| 12. | നികുതി | 20000 | 00 | 13296 | 00 | 30000 | 00 |
| 13. | ബാങ്ക് ചാർജ്ജ് | | | 3 | 41 | 1000 | 00 |
| 14. | പൊതുയോഗം | 100000 | 00 | 79937 | 00 | 150000 | 00 |
| 15. | ഓഡിറ്റ് ഫീസ് | 35000 | 00 | 40000 | 00 | 50000 | 00 |
| 16. | ബോണസ്സ് | 30000 | 00 | 17971 | 00 | 30000 | 00 |
| 17. | സ്വീകരണം | 10000 | 00 | 7258 | 00 | 15000 | 00 |
| 18. | തിരഞ്ഞെടുപ്പ് | 250000 | 00 | 163728 | 00 | | 00 |
| 19. | പോസ്റ്റേജ് | | | 600 | 00 | 1500 | 00 |
| 20. | സ്റ്റാഫ് & സബ്സ്ക്രൈബേഴ്സ് വെൽഫയർ | 50000 | 00 | 40936 | 00 | 60000 | 00 |
| 21. | ലൈബ്രറി | 60000 | 00 | 52581 | 00 | 75000 | 00 |
| 22. | ശമ്പളം & അലവൻസ് | 500000 | 00 | 444036 | 00 | 500000 | 00 |
| 23. | യാത്ര | | | 930 | 00 | 3000 | 00 |
| 24. | പ്രൊവിഡന്റ് ഫണ്ട് | 30000 | 00 | 22109 | 00 | 35000 | 00 |
| 25. | സ്വീപ്പിംഗ് | 250000 | 00 | 198300 | 00 | 250000 | 00 |
| 26. | സ്പോർട്സ് | 25000 | 00 | 4947 | 00 | 25000 | 00 |
| 27. | റിപ്പയർ & മെയിന്റനൻസ് | 750000 | 00 | 336129 | 00 | 800000 | 00 |
| 28. | പ്രൊഫഷണൽ ചാർജ്ജ് | 25000 | 00 | | | 25000 | 00 |
| 29. | തേയ്മാനം | 800000 | 00 | 931615 | 00 | 1100000 | 00 |
| 30. | അധിക ചെലവ് /നീക്കിയിരിപ്പ് | 25750 | 00 | 151203 | 42 | 650250 | 00 |
| | ആകെ | 6375750 | 00 | 5827816 | 00 | 7875750 | 00 |

# എസ്.എൻ.ബി.എസ്.സമാജം ഇരിങ്ങാലക്കുട

# ക്ഷേത്രഭരണം സപ്ലിമെന്ററി ബഡ്ജറ്റ് 2024 – 2025

| | ഇനവിവരം | 2024 - 25 ലേക്ക് പ്രതീക്ഷിച്ചത് | | 2024 - 25ലെ അസ്സൽചെലവ് | | 2024 - 25ലെ അധിക ചെലവ് | |
|---|---|---|---|---|---|---|---|
| 1. | ഷഷ്ഠി | 1600000 | 00 | 1692974 | 00 | 92974 | 00 |
| 2. | പൂജ | 900000 | 00 | 925169 | 00 | 25169 | 00 |
| 3. | ഓഡിറ്റ് ഫീസ് | 35000 | 00 | 40000 | 00 | 5000 | 00 |
| 4. | തേയ്മാനം | 800000 | 00 | 931615 | 00 | 131615 | 00 |
| | | **3335000** | **00** | **3589758** | **00** | **254758** | **00** |

## തെരഞ്ഞെടുപ്പ് ചട്ടങ്ങൾ

സമാജം നിയമാവലി 9-ാം വകുപ്പ് അനുസരിച്ച് സമാജം ഭരണസമിതി തെരഞ്ഞെടുപ്പിനുള്ള ചട്ടങ്ങൾ പൊതുയോഗ തീരുമാനമനുസരിച്ചുള്ളതാണ്. 2026 മുതലുള്ള സമാജം ഭരണസമിതി തെരഞ്ഞെടുപ്പിൽ താഴെ പറയുന്ന തെരഞ്ഞെടുപ്പ് ചട്ടങ്ങൾ പ്രകാരമായിരിക്കും.

1. രണ്ട് വർഷം കഴിഞ്ഞ് വരുന്ന വാർഷിക പൊതുയോഗത്തിൽ വെച്ചോ ആവശ്യം വരുന്ന സന്ദർഭങ്ങളിൽ അസാധാരണ പൊതുയോഗം കൂടിയോ, സമാജം ഭരണ കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടതാണ്.
2. തെരഞ്ഞെടുപ്പ് പൊതുയോഗ തിയ്യതി നിശ്ചയിക്കുന്ന ഭരണ കമ്മിറ്റി യോഗത്തിൽവെച്ച് തരിഞ്ഞെടുപ്പ് ചുമതല വഹിക്കുന്നതിന് ഒരാളെ റിട്ടേണിംഗ് ഓഫീസറായി നിശ്ചയിക്കേണ്ടതാണ്.
3. തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള സകല അധികാരങ്ങളും റിട്ടേണിംഗ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.
4. ആകെയുള്ള 15 അംഗങ്ങളെ താഴെ പറയുന്ന പ്രകാരം തെരെഞ്ഞെടുക്കേണ്ടതാണ്.

   എ. ജനറൽ 11

   ബി. ടൗൺ, പുല്ലൂർ, കോമ്പാറ, തൊറവൻകാട് എന്നീ പ്രദേശങ്ങളിൽ നിന്ന് ഒരാൾവീതം ആകെ നാലുപേർ.
5. പ്രാദേശിക വിഭാഗത്തിൽ നിന്നുള്ള സ്ഥാനാർത്ഥികൾ അതാതു പ്രദേശത്തുകാരായിരിക്കണം.
6. ഒരു സ്ഥാനാർത്ഥിക്ക് ഒന്നിൽ കൂടുതൽ സ്ഥാനങ്ങളിലേക്ക് മത്സരിക്കുവാൻപാടുള്ളതല്ല.
7. റിട്ടേണിംഗ് ഓഫീസർ ഭരണ കമ്മിറ്റിയുമായി ആലോചിച്ച് തെരഞ്ഞെടുപ്പ് സ്ഥലം,സമയം എന്നിവ തീരുമാനിക്കേണ്ടതാണ്.
8. തെരഞ്ഞെടുപ്പ് രഹസ്യ ബാലറ്റടിസ്ഥാനത്തിൽ നടത്തേണ്ടതാണ്.
9. ഭരണകമ്മിറ്റി തെരഞ്ഞെടുപ്പിന് 35 ദിവസം മുമ്പ് വോട്ടു ചെയ്യാൻ അർഹതയുള്ളഅംഗങ്ങളുടെ ലിസ്റ്റ് ഭരണസമിതി സമാജം നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.
10. അപ്രകാരം പ്രസിദ്ധപ്പെടുത്തിയ അംഗങ്ങളുടെ ലിസ്റ്റിൽ കൂട്ടി ചേർക്കുവാനോനീക്കം ചെയ്യുന്നതിനോ ഉള്ള അപേക്ഷകൾ 5 ദിവസത്തിനകം സമാജം ഓഫീസിൽ രേഖകൾ സഹിതം സമർപ്പിക്കേണ്ടതാണ്.
11. അപ്രകാരമുള്ള അപേക്ഷകൾ പരിശോധിച്ച് അന്തിമ ലിസ്റ്റ് 5 ദിവസത്തിനകം സമാജം ഭരണസമിതി സമാജം നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. അപ്രകാരമുള്ള വോട്ടർ പട്ടിക സമാജം റിട്ടേണിംഗ് ഓഫീസർക്ക് അന്നേദിവസം കൈമാറേണ്ടതാണ്.
12. റിട്ടേണിംഗ് ഓഫീസർ നാമനിർദ്ദേശ പത്രികകൾ സ്ഥാനാർത്ഥികൾക്ക് സൗജന്യമായി നൽകേണ്ടതാണ്.
13. നാമനിർദ്ദേശ പത്രികയിൽ പ്രസിദ്ധീകരിച്ച അംഗലിസ്റ്റിലെ (വോട്ടർ പട്ടിക) ഒരാൾ നിർദ്ദേശകൻ എന്ന നിലയിലും, മറ്റൊരാൾ പിന്താങ്ങുന്ന ആൾ എന്ന നിലയിലും,ഒപ്പിട്ടിരിക്കേണ്ടതാണ്. കൂടാതെ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി നിൽക്കാൻ തയ്യാറാണെന്ന പ്രഖ്യാപനത്തിൽ സ്ഥാനാർത്ഥിയും ഒപ്പിട്ടിരിക്കേണ്ടതാണ്.
14. നാമനിർദ്ദേശ പത്രിക സ്ഥാനാർത്ഥിയോ നിർദ്ദേശകനോ പിന്താങ്ങുന്ന ആളോറിട്ടേണിംഗ് ഓഫീസർക്ക് നേരിട്ട് സമർപ്പിക്കേണ്ടതാണ്. റിട്ടേണിംഗ് ഓഫീസർഅതു കിട്ടിയതിന് രശീതി കൊടുക്കേണ്ടതും ആണ്.
15. താഴെ പറയുന്ന കാര്യങ്ങൾ സ്ഥാനാർത്ഥിത്വത്തിന് അയോഗ്യകതകളായിരിക്കും.

    എ. പ്രസിദ്ധീകരിച്ച അംഗലിസ്റ്റിൽ പേരില്ലാതിരിക്കുക.

    ബി. സമാജം നടത്തി വരുന്ന പ്രവർത്തികളോ മറ്റു തൊഴിലുകളോ ഇതരശ്രീനാരായണ പ്രസ്ഥാനങ്ങളില്ലല്ലാതെ സ്വന്തമായോ കൂട്ടായോ നടത്തുക.

    സി. പാപ്പരായിരിക്കുക.

    ഡി. സ്വബുദ്ധി ഇല്ലാതിരിക്കുക.

    ഇ. സമാജത്തിനെതിരായി പ്രവർത്തിക്കുന്നതായി തെളിയുക.

    എഫ്.പണാപഹരണം, കള്ളരേഖ ചമയ്ക്കൽ, റെക്കാഡുകൾ തിരുത്തൽഎന്നിവക്കും ശിക്ഷിക്കപ്പെടുക.

    ജി. സമാജവുമായി വ്യവഹാരത്തിലേർപ്പെടുന്ന അംഗങ്ങൾക്ക് ടി വ്യവഹാരസമയത്തും കേസ്സുകൾ തീർപ്പാകുന്ന തിയ്യതി മുതൽ 5 വർഷത്തേക്കും സമാജം ഭരണസമിതിയിൽ അംഗമാകാൻ അർഹതയില്ലാത്തതാണ്.എന്നാൽ ഒത്തുതീർപ്പാകുന്ന കേസ്സുകളിൽ ടി നിബന്ധന ബാധകമല്ലാത്തതാണ്.

    എച്ച്.സമാജം ജീവനക്കാരാനായിരിക്കുക.

    ഐ. സമാജം നടത്തിവുന്ന പണമിടപാടുകളിൽ സ്വന്തം നിലയിലോ, ജാമ്യം നിലയിലോ, വാങ്ങിയ പണം കൃത്യമായി അടക്കാതെ 120 ദിവസത്തിൽ കൂടുതൽ മുടക്കം വരുത്തുക.

ജെ. സമാജം ജീവനക്കാരാനായിരുന്ന് കുറ്റം ചുമത്തി ശിക്ഷിച്ച് പിരിച്ച് വിടുക.

കെ. ഏതൊരു അംഗവും തുടർച്ചയായി മൂന്നു തവണയിൽ കൂടുതൽ ഭരണകമ്മിറ്റിയിൽ തുടരുവാൻ പാടില്ലാത്തതും, അത്തരത്തിൽപ്പെട്ട കമ്മിറ്റി അംഗത്തിന് തൊട്ടടുത്തുള്ള കമ്മിറ്റി തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ അർഹതയില്ലാത്തതു മാണ്.

16. റിട്ടേണിംഗ് ഓഫീസർ നാമനിർദ്ദേശപത്രികകൾ സ്വീകരിച്ച് കഴിഞ്ഞാൽ ചുരുങ്ങിയത് മൂന്ന് ദിവസം ഇടകൊടുത്ത് അവ സൂക്ഷ്മ പരിശോധന നടത്തി തള്ളേണ്ടത് . കാരണസഹിതം തള്ളി സ്വീകരിച്ചവയുടെ വിവരം നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേ ണ്ടതാണ്.

17. കിട്ടിയിട്ടുള്ള നാമനിർദ്ദേശപത്രികകളിൽ നിലവിലുള്ള കമ്മറ്റിയിൽ നിന്ന് രണ്ടുപേരും പുതിയതായി രണ്ടുപേരും ഉൾപ്പെടു ന്നില്ലെങ്കിൽ റിട്ടേണിംഗ് ഓഫീസർവീണ്ടും നാമനിർദ്ദേശപത്രികകൾ ക്ഷണിക്കേണ്ടതും ടി സ്ഥാനങ്ങളിലേക്ക് നിലവിലുള്ള കമ്മ റ്റിയിൽ നിന്ന് രണ്ടുപേരും പുതിയതായി രണ്ടുപേരും പ്രാദേശികമായി (നിലവിലുള്ളതോ, പുതിയതോ) ഒരാളും നാമനിർദ്ദേ ശപത്രികകൾ സമർപ്പിച്ചാൽമാത്രം തെരഞ്ഞെടുപ്പ് നടത്തേണ്ടതും ആണ്.

18. റിട്ടേണിംഗ് ഓഫീസർ അംഗീകരിച്ച സ്ഥാനാർത്ഥികൾക്ക് പിൻവലിക്കാൻ മൂന്നുദിവസം ഇട കൊടുക്കേണ്ടതാണ്. ഏതെങ്കിലും സ്ഥാനത്തേക്ക് തെരഞ്ഞെടുപ്പ് ആവശ്യമില്ലാതെ വരികയാണെങ്കിൽ ഇക്കാര്യം ഉടനെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും മറ്റു സ്ഥാനങ്ങളിലേക്ക് മാത്രം തെരഞ്ഞെടുപ്പ് നടത്തേണ്ടതും ആണ്.

19. തെരഞ്ഞെടുപ്പ് സംബന്ധിച്ച കാര്യങ്ങൾ റിട്ടേണിംഗ് ഓഫീസറുടെ യുക്തം പോലെ നടത്താവുന്നതും ഇക്കാര്യത്തിൽ അദ്ദേഹ ത്തിന്റെ തീരുമാനം അവസാനത്തേതും ആയിരിക്കും.

20. റിട്ടേണിംഗ് ഓഫീസർക്ക് ആവശ്യമെന്ന് തോന്നുന്ന പക്ഷം സഹായത്തിന് ആളുകളെ നിയോഗിക്കാൻ അദ്ദേഹത്തിന് അവകാശമുണ്ടായിരിക്കും.

21. റിട്ടേണിംഗ് ഓഫീസർ വോട്ടിംഗ് കഴിഞ്ഞാൽ ഉടൻ തന്നെ വോട്ടുകൾ എണ്ണിഫലം പ്രഖ്യാപിക്കേണ്ടതാണ്.

22. റിട്ടേണിംഗ് ഓഫീസർ പ്രഖ്യാപിച്ച പേരുകൾ യോഗത്തിലെ മിനിറ്റ്സിൽ രേഖപ്പെടുത്തേണ്ടതും ആയതു സമാജം നിയമാവലി 7-ാം വകുപ്പനുസരിച്ചുള്ള ഭരണകമ്മറ്റി അംഗങ്ങൾ ആയിരിക്കേണ്ടതും ആണ്.